(ഡി) വിജിലൻസ് അന്വേഷണത്തിന്റെ പേരിൽ ഈ കെട്ടിടത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിജിലൻസ് അന്വേഷണത്തിന്റെ പേരിലല്ല ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തത്. എന്നാൽ കെട്ടിടത്തിന് ചോർച്ചയുള്ളതിനാൽ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും Unfit Certificate ആണ് പ്രസ്തുത കെട്ടിടത്തിന് ലഭിച്ചിട്ടുള്ളത്.

(ഇ) കേസന്വേഷണം എത്രയും വേഗം പൂർത്തിയാക്കി ഈ അങ്കണവാടിയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന അടിയന്തര നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

അങ്കണവാടി കെട്ടിട നിർമ്മാണത്തിലെ അപാകതയുമായി ബന്ധപ്പെട്ട് നടത്തിയ പ്രാഥമികാന്വേഷണം പൂർത്തിയാക്കി. അന്വേഷണത്തിൽ കണ്ടെത്തിയ അപാകത പരിഹരിക്കുന്നതിനായി അന്വേഷണ ഉദ്യോഗസ്ഥനം ചീഫ് ടെക്നിക്കൽ എക്സാമിനറും ശിപാർശ ചെയ്ത പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി റിപ്പോർട്ടിന്റെ പകർപ്പ് തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയിട്ടുണ്ട്. അങ്കണവാടി നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്നു.

**കെ.എസ്.എഫ്.ഇ.-യിലെ വിജിലൻസ് റെയ്ഡ്**

100 (1996) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ അടുത്തകാലത്ത് വിജിലൻസ് റെയ്ഡ് നടത്താനിടയായ സാഹചര്യമെന്താണ്;

(ബി) ക്രമക്കേടുകൾ തടയുന്നതിൽ ധനകാര്യ വകുപ്പ് യഥാസമയം നടപടിയെടുക്കാൻ പരാജയപ്പെട്ടതാണ് റെയ്ഡിനിടയാക്കിയതെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ ധനകാര്യ വകുപ്പ് മേധാവിയറിയാതെ റെയ്ഡ് നടത്താനിടയായതിന് കാരണമെന്താണ്?

(എ&ബി) സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നടക്കുന്നതായ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിവരുന്ന ഒരു നടപടിക്രമമാണ് മിന്നൽ പരിശോധന. സംസ്ഥാനത്തെ എല്ലാ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും ഇത്തരം മിന്നൽ പരിശോധനകൾ നടത്താറുണ്ട്. മുൻകൂട്ടി അറിയിച്ചുകൊണ്ട് മിന്നൽ പരിശോധന നടത്തുന്നത് ഇത്തരം പരിശോധനകളുടെ ഉദ്ദേശ്യവും ഫലപ്രാപ്തിയും ഇല്ലാതാക്കുന്നതാണ്.

(സി) കെ.എസ്.എഫ്.ഇ.- യിൽ നടത്തിയ വിജിലൻസ് റെയ്ഡിൽ എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

മിന്നൽ പരിശോധന റിപ്പോർട്ടുകൾ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly